374

വിചാരവിവശയായ

# ഊർമ്മിള.

19654
BOSE PUBLIC LIBRARY
cg. No. 101
VELOOR, KOTTAYAM

വക്കത്തു പാട്ടത്തിൽ
കെ. നാരായണൻ വൈദ്യൻ.

വിചാരവിവശയായ

# ഊർമ്മിള.

---

വക്കത്തു പാട്ടത്തിൽ

കെ. നാരായണൻ വൈദ്യൻ.

---

Printed at
The Sridhara Power Press,—Trivandrum.

1099.

പകർപ്പവകാശം.]

BOSE PUBLIC LIBRARY Reg. No. 101 VELOOR KOTTAYAM 1965-4

# മുഖവുര.

'വിചാരവിവശയായ ഊൎമ്മിള' എഴുതിതീൎത്തിട്ടു് ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. ഇതു് 'സംഘമിത്ര' വായനക്കാരായ സഹോദരിമാൎക്കു് പ്രത്യേകം പ്രയോജനപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി അതിൽതന്നെ പ്രസിദ്ധീകരിപ്പാനായി രചിച്ചിട്ടുള്ളതാണു്. എന്നാൽ നിൎഭാഗ്യവശാൽ ആ മാസിക നിന്നുപോകയാൽ യഥാകാലം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല. വായിച്ചുകേട്ട പല സ്നേഹിതന്മാരും ഇതു പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാമെന്നു അഭിപ്രായപ്പെട്ടതനുസരിച്ചാണു് ഞാൻ ഇപ്പോൾ ഈ ഉദ്യമത്തിൽ ഒരുങ്ങിട്ടുള്ളതു്.

രാമാദികളുടെ വനവാസകാലത്തു്, ധൎമ്മസങ്കടം തോന്നത്തക്കവിധം ഉപേക്ഷിക്കപ്പെട്ടിരുന്നിട്ടുപോലും ചിരകാലമത്രയും ക്ഷമയോടുകൂടി കാലയാപനംചെയ്ത സതീമകുടമായ ഊൎമ്മിളയുടെ ചാരിത്ര്യശുദ്ധി ഇക്കാലത്തെ മഹിളാമണികൾക്കു അത്യന്തം ആദരണീയമാകയാൽ ആ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു് ഈ വിഷയം തിരഞ്ഞെടുത്തിരിക്കുന്നതു്. വനിതാലോകത്തിനു് സൎവ്വഥാ ആരാധനീയയായ ഊൎമ്മിളയുടെ അസാധാരണ ഗുണഗണങ്ങൾ പുരാതനകവികൾ വിസ്മരിച്ചുകളഞ്ഞു എന്നുള്ള ദയനീയ വിചാരവും എന്നെ ഇതിലേക്കു പ്രേരിപ്പിച്ചിട്ടുണ്ടു്.

ഈ കവിത പരിശോധിച്ചു് ഒരു അവതാരിക എഴുതിത്തരണമെന്നുള്ള എന്റെ അപേക്ഷയെ സദയം സ്വീകരിച്ചു കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ തന്റെ

വിലയേറിയ സമയം ചിലവാക്കി സാഹിത്യലോകത്തിൽ ഉൽപ്പതിഷ്ണുക്കളായ ജനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നുള്ള മഹാമനസ്കതയോടുകൂടി ഒരു അവതാരിക എഴുതിത്തന്നു് അനുഗ്രഹിച്ച സാഹിത്യരസിക ശിരോമണിയും, പണ്ഡിതാഗ്രഗണ്യനുമായ രാജശ്രീ ആററൂർ കൃഷ്ണപ്പിഷാരടി അവർകളോടു എനിക്കുള്ള ഹൃദയപൂർവമായ നന്ദിയെ ബഹുമാനപുരസ്സരം ഈ അവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു. അവതാരിക എഴുതിക്കുന്ന വിഷയത്തിലും അച്ചടിപ്പിക്കുന്ന വിഷയത്തിലും എനിക്കുവേണ്ടി ആത്മാൎത്ഥമായി നിന്നു് വേണ്ട ഒത്താശകൾ ചെയ്തുതന്ന മഹാരാജാസ് കാളേജ് സീനിയർ ഇൻറർമീഡിയററു് വിദ്യാൎത്ഥി മിസ്റ്റർ വി. വി. നാരായണനോടു് എനിക്കുള്ള കൃതജ്ഞതയേയും രേഖപ്പെടുത്താതിരിപ്പാൻ നിവൃത്തിയില്ല. എൻെറ ഈ "വിചാരവിവശയായ ഊൎമ്മിള"യെ സഹൃദയന്മാരായ മഹാജനങ്ങൾ സ്വീകരിച്ചു് അനുഗ്രഹിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഇതാ ലോകസമക്ഷം അയച്ചുകൊള്ളുന്നു.

വക്കം
25-6-99. }

ഗ്രന്ഥകൎത്താ.

# അവതാരിക.

"കൂജന്തം രാമരാമേതി മധുരം മധുരാക്ഷരം
ആരുഹ്യ കവിതാശാഖാം വന്ദേ വാല്മീകി കോകിലം."

ആ ആദികവി കോകിലത്തിന്റെ മധുരകൂജിതത്തിൽ തെളിഞ്ഞു കേൾക്കുന്ന മധുരാക്ഷരധ്വനികൾക്കു പുറമെ ഹൃദയനാഡികളെല്ലാം പെട്ടെന്നു ദ്രവിച്ചു രസാമൃതത്തിൽ മുഴുകി ലയിച്ചുപോകത്തക്കവിധം അതിമധുരങ്ങളായ അസംഖ്യം സൂക്ഷ്മധ്വനികൾ ഉത്തമ വീണാഗാനത്തിലെന്നപോലെ അന്തർഭവിച്ചു കിടക്കുന്നുണ്ട്. സഹൃദയതയുടെ താരതമ്യംപോലെ ഓരോരുത്തരുടെയും ഭാവനാശക്തിയുടെ ഗതിയനുസരിച്ചു ഇഷ്ടംപോലെ സങ്കല്പിച്ച് ആസ്വദിക്കാവുന്ന ആ വകയിലൊന്നാണ് രാമാദി വനവാസകാലങ്ങളിൽ ഊർമ്മിളക്കുണ്ടായ അവസ്ഥ. ആ വിഷയത്തിൽ ഒരു യുവകവിയുടെ പ്രതിഭ പോയവഴിയാണു ഈ "ഊർമ്മിള" എന്ന പുസ്തകം കാണിച്ചിരിക്കുന്നത്.

കവനകൌമുദി, വിവേകോദയം മുതലായ മാസികകളിൽ തുടർച്ചയായി പല ഖണ്ഡകൃതികളെഴുതി മലയാളഭാഷാലോകത്തിൽ സുപരിചിതനായ ഒരാളാണു വക്കത്തു പാട്ടത്തിൽ കെ. നാരായണൻ വൈദ്യരവർകൾ. ഈ യുവകവിയുടെ മററു കൃതികളായ 'കമലയുടെശരീരത്യാഗം' 'സുമതിയുടെ സമയം' 'റോസപ്പൂവു' തുടങ്ങിയ ഖണ്ഡകൃതികൾ വായിച്ചു ഞാൻ സന്തോഷിച്ചിട്ടുണ്ട്. വൈദ്യരുടെ ആധുനിക കവിതയായ ഈ 'ഊർമ്മിള' ഞാൻ പല തവണ വായിക്കുകയും, ചില ഭാഗങ്ങൾ എന്റെ പ്രത്യേക ശ്രദ്ധക്കു വിഷയമാകുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഈ അവതാരിക എഴുതുന്നതും.

ലക്ഷ്മണൻ സീതാരാമന്മാരോടുകൂടി കാട്ടിൽ പോയിരുന്ന കാലത്തു വിയോഗദുഃഖം അനുഭവിക്കേണ്ടിവന്ന ഊർമ്മിളയുടെ ഒരു രാത്രിയിലുള്ള വിചാരപരമ്പരയാണ് ഇതിലെ ഇതിവൃത്തം. നവയൌവനയുക്തയായ ഒരു തരുണി ഭർത്തൃവിയോഗത്തിൽ വിചാരവിവശയാകുന്നതു് സ്വാഭാവികമാണല്ലൊ. അതിനാൽ ഇതിവൃത്തം തിരഞ്ഞെടുത്ത കവിയുടെ ഉചിതജ്ഞത നല്ലവണ്ണം പ്രത്യക്ഷമാകുന്നു.

ഊർമ്മിളയുടെ വിചാരം ആദ്യമായി തിരിയുന്നതു തന്റെ സൌഭാഗ്യപൂർണ്ണമായ ശൈശവത്തിലേക്കാണ്. അതിൽനിന്നു വ്യത്യാസപ്പെട്ട താൽക്കാലികാവസ്ഥയെപ്പററി അത്യന്തം വ്യസനിക്കയും, അതിനിടവരുത്തിയ കൈകേയിയുടെ ദയയില്ലായ്മയെ കഠിനമായി ആക്ഷേപിക്കയും ചെയ്യുന്നു. സീതയെക്കൂടി കാട്ടിൽ കൊണ്ടുപോയ സ്ഥിതിക്കു തന്നെ ഒഴിച്ചുവിട്ടതു ഒട്ടും ധർമ്മമായില്ലെന്നു കാണിച്ചു്, സഹധർമ്മചാരിണിയായ ഭാര്യക്കു ഭർത്താവിന്റെ പേരിലുള്ള അവകാശങ്ങളെ അടിസ്ഥാനപ്പെടുത്തി സയുക്തികമായും സരസമായും വാദിക്കുന്ന ഭാഗങ്ങൾ ഏററവും ഹൃദയംഗമങ്ങളായിട്ടുണ്ടു്.

വനമെങ്കിലുമാത്മനാഥനിൽ
പരിചര്യക്കവകാശമാക്കുവാൻ?
അവരംഭാര്യ,യൊഴിഞ്ഞിരിക്കുകിൽ,
ഫലമെന്തപ്പുരുഷാർത്ഥമാകുമോ?
ഉഭപതികളാണു ധർമ്മമാം
ക്രിയകൾക്കൊക്കെയുമാദികാരണം
.... .... .... ... ....
... ... ... ... ...
ഇഹജീവിതയാത്രയിൽ തുഴ-
യ്ക്കധികാരം ഗൃഹിണിക്കു തന്നെയാം.

ഇത്യാദി കാൺക. നഗരജീവിതത്തെക്കാൾ വനജീവിതത്തിനുള്ള മാഹാത്മ്യത്തെ പുരസ്കരിച്ച് സരസമായ രീതിയിൽ വർണ്ണിച്ചിരിക്കുന്ന ഭാഗം പ്രത്യേകം പ്രസ്താവയോഗ്യമാണ്. 'നൃപധർമ്മമഹാസനം മറിഞ്ഞതുവതാള സ്ഥിതിയിൽ കിടക്കുന്ന നഗരിയിൽ വാഴുന്നതു നന്ദനീയമല്ലാത്തതുകൊണ്ടു 'നിസർഗ്ഗരമ്യ'മായ 'വനഭൂമി'യെ ശരണം പ്രാപിക്കുന്നതാണു വിശേഷമെന്നു ഊർമ്മിള സ്ഥാപിക്കുന്നുണ്ട്. വനഭൂമിക്കുള്ള വൈശിഷ്ട്യത്തെയും അതിൽനിന്നു ഗ്രഹിക്കാവുന്ന തത്വങ്ങളെയും നല്ല തന്മയത്വത്തോടുകൂടി വർണ്ണിച്ചു വായനക്കാരെ ആകർഷിച്ചു കൂടെക്കൊണ്ടു നടക്കുവാൻ ചെയ്തിട്ടുള്ള ശ്രമവും ഒട്ടും വിഫലമായിട്ടില്ല. ഗൃഹസ്ഥാശ്രമ ധർമ്മങ്ങളായ പഞ്ചമഹായജ്ഞം, ദാമ്പത്യധർമ്മം, സമഭാവനമുതലായ വിശിഷ്ടഗുണങ്ങൾ പഠിക്കാൻ യോഗ്യമായസ്ഥലം വനമാണെന്നു അനുഭവപൂർവ്വം കാണിച്ചിരിക്കുന്നു. ഇപ്രകാരം ലൌകികജ്ഞാനത്തിനു പുറമെ താപസ ജനങ്ങളോടിടപെട്ടു 'പരമാത്മവിദ്യ' പരിചയിച്ച് വാക്കുകൾക്കു വിഷയമല്ലാത്ത 'ആ സുഖസാരാമൃതം' ആസ്വദിച്ച് 'ചരിതാർത്ഥത' സമ്പാദിക്കാവുന്ന അനന്യാത്രക തരമാകാഞ്ഞു വ്യസനിക്കുന്ന സന്ദർഭവും സഹൃദയരമ്യമായിട്ടുണ്ട്. എങ്കിലും സാധ്വീമണിയായ അവൾ 'സഹനേതരദുഃഖമാഴ്കിലും സതി ഭർതൃപ്രിയ ഭാവനോൽക്കയാകണ'മെന്നുള്ള ന്യായത്തിൽ തനിക്കുള്ള സങ്കടത്തെ അടക്കി പ്രാണനാഥന്റെ മംഗളമാശംസിക്കയാണു ചെയ്യുന്നത്. ഭർത്താവിന്റെ നന്മക്കായി ശ്രീരാമനോടും സീതയോടും നിയതിയോടും, പ്രാർത്ഥിച്ചുകൊണ്ട് ഊർമ്മിള വിചാരവിവശയായിത്തന്നെ സ്ഥിതിചെയ്യുന്നു,

ഇതിൽ സ്ഥായിയായ രസം വിപ്രലംഭശൃംഗാരമാണ്. വിചാരധാരയിൽ ഇടക്കിടെ ചില ശ്ലോകങ്ങൾ

പ്രകൃതവശാൽ കടന്നുകൂടീട്ടുണ്ടെങ്കിലും ഉത്തമ നായികയായ ഒരു സതീരത്നത്തിന്റെ പരിശുദ്ധ സ്വഭാവത്തിൽ, വായനക്കാൎക്കു ഉൽക്കണ്ഠ വിരമിക്കാത്തവിധമാണു രസസ്ഫൂൎത്തി വരുത്തിയിരിക്കുന്നതു്. ആകപ്പാടെ 'ഊൎമ്മിള' സഹൃദയന്മാൎക്കു രുചിപ്രദവും സ്ത്രീജനങ്ങൾക്കു പ്രത്യേകിച്ചു് പ്രയോജനകരവും ആയിത്തീരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ശേഷം സംഗതികളെല്ലാം പൊതുജനങ്ങൾക്കു വായിച്ചറിവാൻ വകനിൎത്തിക്കൊണ്ടു് ഈ ചെറിയ അവതാരിക അവസാനിപ്പിക്കയും ഈ യുവകവി മേലിലും ഈ മാതിരി നല്ല നല്ല കൃതികൾ നിൎമ്മിച്ചു് കേരളീയരെ സന്തോഷിപ്പിക്കുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

തിരുവനന്തപുരം,<br>99 മകരം 23. } ആററൂർ കൃഷ്ണപ്പിഷാരടി.

# സമർപ്പണം.

---

ആശാഭരം ഹൃദയദുർവ്വഹമായി; കഷ്ട-
“മാശാൻ” മറഞ്ഞു; കവിതക്കളരിക്കുമേലാൽ
ആശാസ്യമായ നിലപോയ്; ഇനിയപ്പദത്തിൽ
ക്ലേശാപനോദമതിനി“ക്കൃതി” വച്ചു വാഴ്ത്താം.

---

## വിചാരവിവശയായ

# ഊർമ്മിള.

---

നിജ ജീവിതനാഥനഗ്രജ-
പ്രണയംകൊണ്ടടവിക്കുപോയനാൾ
വിഷമിച്ചൊരു രാത്രിയേകയായ്
സ്ഥിതിചെയ്തൂർമ്മിള വാസമേടയിൽ. ൧

മുഴുതിങ്കൾ മുഖം മിനുക്കിയ-
ന്നിശ കാണിച്ചു നിശാന്തദർശനം
സഹിയാഞ്ഞഥ ചാനിദ്രാകുലാ-
ന്തരയായ് തീർന്ന ചടഞ്ഞു സുന്ദരി. ൨

ഹൃദയപ്രണയാതിരേകമാം
സ്ഫുടമുക്താമണി തന്റെ രശ്മികൾ
ഉടലിൽ പുളകങ്ങളായ് വഴി-
ഞ്ഞതരമുൽക്കണ്ഠ വെളിപ്പെട്ടതവേ. ൩

പ്രണയിസ്മൃതിയാൽ കുഴഞ്ഞഹോ
വളരും സാത്വികഭാവമഗ്നയായ്
കവിൾ വിങ്ങി, വിറച്ചു, ചുണ്ടൊടൊ-
ത്തുരുചിന്താപഥമാർന്നു തന്വിയാൾ. (യുഗ്മകം)

പരിതഃസ്ഥിതി മററു സാന്ത്വന-
പ്രതിലാഭത്തിനിണങ്ങിടായ്കയാൽ
സ്വയമാത്മനിവിഷ്ടകാന്തനെ-
പ്പരിവീക്ഷിച്ചു തുടർന്നു ചിന്തിതം. ൫

“ഒരു രാജകുമാരിഞാൻ വയോ-
ഗുണവും ചേർന്നവളെന്നിരിക്കിലും
ഫലമെന്തു വരന്റെ വേഴ്ചവി-
ട്ടിവിടെത്തന്നെ വസിച്ചുകൊള്ളുകിൽ? ൬

മൃദുശയ്യ, മനോജ്ഞസൌധമി,-
ന്നൃപഭോഗം പ്രിയതോഴിസഖ്യയും
ശരിയൊക്കെയിരിക്കിലും മന-
സ്സുഖമിങ്ങൊട്ടു മെഴുന്നതില്ലമേ. ൭

സ്ഫുടഭാഗ്യസമൃദ്ധിയിൽ കുരു-
ത്തുരുസൌഭാഗ്യ വളത്തിൽവാഴ്കയാൽ
ശ്ശുഭ ശൈശവകാലമെത്രയോ
സുഖമായ് പോക്കിയിരുന്നു ഞാനഹോ. ൮

വരരൂപ വിലാസ വായ്പിനൊ-
ത്തൊരു ഭർത്താവെ ലഭിക്കകൊണ്ടുമേ
ജനകൻ കൃതകൃത്യനായ്, പരം
ജനിസാഫല്യമിയന്നുഞാനുമേ. ൯

നിരവദ്യസുഖം ലഭിച്ചിളം
തളിർകാലത്തെ നയിച്ചകാരണം
സുമ വേളയിലല്ലലൊത്തിതാ-
ണു,ലകിൻ ചക്രപരിഭ്രമക്രമം. ൧൦

ലളിതാകൃതി പൂണ്ട ശൈശവ-
ക്കളിയിൽ കാട്ടിയ കൌശലങ്ങളാൽ
വരുമിങ്ങനെയുള്ള ഭാവിയെ-
ന്നരുതാതാരെയൊരുവനുമോർക്കുവാൻ. ൧൧

അഥവാസുഖദുഃഖചിന്തയിൽ
ധൃതിപോരാതെയെഴുന്നശൈശവം
വരുമോ പുരുഷാർത്ഥഹേതുവാം
യുവതയ്ക്കൊപ്പമുപാസനീയമായ്? ൨൨

തളിർതൻനിലകണ്ടുസൌരഭം
ചൊരിയും സൽപ്രസവം കൊതിപ്പതാം
ഉലകിൻഗതിയെങ്കിലെൻറയീ-
ഫലമേലാത്തവയസ്സുനിന്ദിതം. ൨൩

പ്രഥമാശ്രമമാൻ ശോഭിയായ്
പരിശുദ്ധാംനൻബാല്യജീവിതം
മതിയങ്ങനെ നീട്ടിയാലുമൊ-
ട്ടിടനൽകീലയതിന്നുമീശ്വരൻ. ൨൪

'യുവതിക്കഥവാവരാപ്തിയാ-
ണഭിമാനപ്രദമൈഹികാസ്ഥയിൽ'
അതുമിങ്ങനെബന്ധമാത്രമായ്
കഴിയുന്നു വനപുഷ്പമെന്നപോൽ. ൨൫

സവയസ്സുകളാം കുമാരിമാ-
രിവളെപ്പററി നിനപ്പതെന്തുവാൻ?
പരമാർത്ഥമറിഞ്ഞിടായ്കിൽ ഞാൻ
പരിഹാസാസ്പദമാകയില്ലയോ? ൨൬

'വരനാത്മസുഖത്തിനൊത്തിടാ
വധുമെയ്മോടിഫലപ്പെടാദ്ധ്വം.'
ലലനാവലിവാഞ്ഛിയാലുമെ-
ങ്ങനെ യാഥാർത്ഥ്യമിയന്നിടുന്നതാൻ? ൨൭

പതിയിൻനിഴൽപോലെ വാഴ്കയാം
സതിതൻധൎമ്മമതേതുമട്ടുഞാൻ
ധൃതിയൊത്തുസമാചരിക്കുവാൻ
മുതിരും? തൽപദമാന്റമിന്നിടും? ൧൮

നിജസംഗമൊഴിച്ചുവാഴുകവാൻ
പതിശാസിപ്പതുസംവദിപ്പതും
മുറതന്നെസതിക്കുനിൎമ്മല-
പ്രണയാസാരമൊഴിച്ചുകൂട്ടുകിൽ. ൧൯

മകനെപ്രതിപക്ഷപാതമാ-
ന്നൊരുമാതാവുവരിച്ചൊരാവരം
പതിയെത്തകരാറിലാക്കിയി-
സ്ഥിതിഞങ്ങൾക്കുമണച്ചുനിർദ്ദയം. ൨൦

അതികോമളനായൊരാൎയ്യനായ്
വനവാസംനിയമിച്ചമാനസം
ശിലതന്നെ; ശിരീഷബന്ധുവാ-
മളിയെങ്ങ, ങ്ങൊരുമുൾച്ചെടിക്കട? ൨൧

മൃഗിതൻതോലിയാന്റകണ്ടപെൺ-
പുലിയാകുന്നവളെസ്സ്വഭാൎയ്യയായ്
നൃപനെങ്ങനെവച്ചു? വാമമാർ-
മനമോരാൻപണിയെന്നതുള്ളതോ? ൨൨

നിജപുത്രഗുണത്തിനമ്മമാർ
പലമട്ടാശവഹിപ്പതത്ഥ്യമാം
പതിയുംപദവും നൽകുമാ-
റതിനായുന്നതിലൎത്ഥമെന്തുവാൻ? ൨൩

അവൾപെററവളെങ്കിലാത്മജ-
പ്രണയംതെല്ലുണരാതിരിക്കുമോ?
അതുവിട്ടിതുചെയ്തതോൎക്കില-
ങ്ങിനിവന്ധ്യാപദമേവിളങ്ങിടൂ. ൨൧

മകനമ്മവരിച്ചുടൻസ്വയം
വകവയ്ക്കാതെവിപന്നകാന്തിയായ്
വിനയിപ്പതിലുംപഠിച്ചതെ
വിനതൻസ്വാൎത്ഥമണച്ചതായവൾ. ൨൨

പതിപോയ് മകനുംവെറുത്തുതൻ-
മതിയുംകെട്ടുകുഴഞ്ഞുനിന്ദ്യയായ്
ക്ഷിതിവാസരസഹ്യമായവൾ-
ക്കിതുതാൻസ്വാൎത്ഥിതയാൽവരുംഫലം. ൨൩

നിജസൌഖ്യനിദാനമന്യരിൽ
സുഖമേകുംതൊഴിലെ,ന്നതൊന്നുമേ
കരുതാതെതുടൎന്നചേഷ്ടയാ-
ലവൾഞങ്ങൾക്കുമണച്ചസങ്കടം, ൨൪

'മകനിൽപതിതാപമേറിലും
വധുവശ്രുക്കൾപൊഴിച്ചുകാണണം,
കരുതാംചിലധാത്രിമാരി'തോ
പിഴചെയ്യാത്തൊരിവൾക്കുചേൎത്തഴൽ? ൨൫

മതിവിട്ടധമൈകലിരതനാ-
സ്സു,വലോകിച്ചവൾപുൽകിപാമ്പിനെ
അതിലുള്ളഫലംലഭിച്ചിവ-
ൾക്കിയാൻമാൎഗ്ഗമണച്ചബാന്ധവം. ൨൬

ഒരുപക്ഷമതിന്നൊരാറുപെരും
കെട്ടവൃത്തംമതികഷ്ടമേററിടാൻ
ശമിയൊന്നുപൊഴിച്ചിട്ടുന്നതി
മതിയുക്കൊട്ടുസമസ്തവും ചുടാൻ. ൨൦

പ്രിയയിൽപ്പകരുന്നരാഗവൈ-
ഭവമേററിട്ടുലകിങ്കലാളുകൾ
കുഴയുന്നി,തുസത്യസന്ധതാ-
ഫലമായിട്ടുസ്സപങ്കലൊത്തതാം. ൨൧

അനുരാഗരയത്തിൽമുക്കിയ-
പ്പുരുഷന്മാരെയടിപ്പെടുത്തുവോർ
കരുതേണ്ടതു കേകയാത്മജ-
ക്കറിവാൻ ദുർവ്വിധിനൽകിയില്ലിട. ൨൨

അവളാത്മപരായണത്വമാ-
ന്നതിലോ? ദുർവ്വിധിവൈഭവത്തിലോ?
മുഴുകീട്ടിതുചെയ്തു, പോട്ടെ;യി-
ങ്ങുയരുംമാലിതുമാറുമെങ്ങനെ?” ൨൩

പൊതുവിൽ ചിലതേവമോർത്തുടൻ
വിരഹോഷ്മാവു്പൊടിച്ചകണ്ണുനീർ
തളിർനേർതുണിയാൽ തുടച്ചുതൻ-
പതിനേക്കായ് പരമാഞ്ഞുകാമിനീ. ൨൪

“പ്രിയനാഥ, ഭവാൻ വനത്തിനായ്
നടകൊണ്ടഗ്രജഭക്തിവായ്പയാൽ
അതുനല്ലതുതന്നെ; യെന്നെവി-
ട്ടതുനന്നോ? ഗൃഹിതയ്ക്കുചേർന്നതോ? ൨൫

ഗുരുപൂജ തുടങ്ങിയൊക്കെയും
ഗൃഹിണിക്കും കരണീയമല്ലയോ?
അതിലുള്ളൊരു ഭാഗമെന്തുകൊ-
ണ്ടവിടുന്നിങ്ങതുളാൻ മടിച്ചതും? ൩൬

സഹധർമ്മിണിമാരെ വേർപെടാൻ
തരമുണ്ടോ തനവേർപെടുംവരെ?
ഇവളന്നിലതെററിയെന്തുചെ-
യ്തുവിടേക്കന്നു നവോഢയെങ്കിലും? ൩൭

വനമെന്തതു വിണ്ണുതന്നെയ-
മ്പതികൾക്കാസ്ഥിരരാഗമേലുകിൽ
അഴലും സുഖമാകുമന്നു തീ-
ച്ചുഴിയും ശീതളവാരിധാരയാം. ൩൮

അനുകൂല സമാഗമം പെട്ട-
ന്നവരെക്കാണികൾ വാഴ്ത്തുകില്ലയോ?
അനയാത്രയിലന്തഃഭാഷമ-
ങ്ങനുമാനിച്ചിവളെത്യജിച്ചുപോയ്. ൩൯

വനവാസമൊരംഗനയ്ക്കുദു-
സ്സഹമെന്നങ്ങു ശഠിച്ചതോ ശരി?
മമപൂർവ്വജ മുമ്പിൽവച്ചു കാൽ-
തളിരെങ്കിൽ തടയേണ്ടതല്ലയോ? ൪൦

അവർചെയ്ത സമർത്ഥനയ്ക്കുതൽ-
പ്രിയഭർത്താവനുകൂലിയാകയാൽ
അതിനൊത്തു; ഹിതം നടത്തുമ-
പ്പതിദേവന്നവരം ഭാഗ്യശാലിനീ. ൪൧

അതുമല്ലവർ മാതൃകാനില-
യ്ക്കനുയോജിച്ചിഹ ലോകയാത്രയെ
തുടരുന്ന,വരെത്തുടർന്നിട്ട-
ന്നവിടുന്നെന്നെയൊഴിഞ്ഞതോ ശുഭം? ൪൨

പലശങ്കകളാലൊഴിച്ചുവെ-
ന്നനുമാനിപ്പതുമർത്ഥഹീനമാം
അഭയപ്രദരാം രഘുക്കളിൽ
ഭയമോ സംശയമോ വരാവതോ? ൪൩

ചെറുഞാണൊലിയാൽസപക്ഷരെ
പ്പതറിപ്പാൻ പടുവായൊരഗ്രജൻ
ശരമേന്തുകിലെന്തുശങ്കിയേ-
ന്തിരുളർക്കൻ കതിരിങ്ങുവീശുകിൽ? ൪൪

മതിയും തനുവിൽ വളർച്ചയും
മതിയാകാഞ്ഞതിനാലൊഴിച്ചിതോ?
അതുകണ്ടറിയേണ്ടതാം; ഗുണ-
പ്രഥയാൽ പ്രായമഗണ്യമല്ലയോ? ൪൫

വ്രതചര്യ സഭാര്യനായ് ചരി-
പ്പതിനെന്താണു വിരോധമോർക്കുകിൽ?
സഹധർമ്മിണിയൊത്തു കാട്ടിൽവ-
ച്ചൊരുരാജേന്ദ്രവൃത്താന്തമില്ലയോ? ൪൬

ഗുരുവായ വസിഷ്ഠനങ്ങരു-
ന്ധതിയാമമ്മയെയൊഴിഞ്ഞിടായ്കയാൽ
നിയമത്തിനു വിഘ്നമെന്തുവ-
ന്നൊ,ഴിയാ ധർമ്മനിഷേധിപത്നിയെ. ൪൭

ഇതുപോലെ മഹാനുഭാവരാം
പലരും ധർമ്മകുഡുംബിനീസമം
പുരിയും ഗിരിയും വനങ്ങളും
ദരിയുംപുക്കു വസിച്ചിരുന്നതേ. ൪൯

വനമെങ്കിലുമാത്മനാഥനിൽ
പരിചര്യയ്ക്കവകാശമാകുവാൻ?
അവൾ ഭാര്യ; യൊഴിഞ്ഞിരിക്കുകിൽ
ഫലമെന്തപ്പദമർത്ഥ്യമാകുമോ? ൫൦

ശുഭപത്നികളാണു ധർമ്മ്യമാം
ക്രിയകൾക്കൊക്കെയുമാദികാരണം
അവിടുന്നറിയാത്ത കാര്യമ-
ല്ലിതു, പക്ഷേയിവൾ യോഗ്യയായിടാ ൫൧

ഇഹജീവിതയാത്രയിൽത്തുഴ-
യ്ക്കധികാരം ഗൃഹിണിക്കുതന്നെയാം
ഒഴിയാനരുൻ, ആര്യനഗ്രജ-
പ്രിയഹാനിക്കിടയെന്നൊഴിച്ചതോ? ൫൨

പുരുഷോത്തമനായ പൂർവ്വജൻ
മുഷിയാ, തൽപദപത്മസേവയിൽ
അവിടേക്കു സഹായമായി ഞാൻ
ചിലഭാഗങ്ങൾ തുടർന്നുകാണുകിൽ ൫൩

അതുമല്ല, മദഗ്രജയ്ക്കു വേ-
ണ്ടവ ഞാൻതന്നെ നടത്തിടുമ്പൊഴും
ഒരുവിശ്രമമങ്ങെഴാ-മവ-
ക്കതിനാലും പ്രിയമേറിയെന്നുമാം ൫൪

അവർം പൂർവ്വജ, ദാസിയായിഞാ-
നരുകിൽ പാർപ്പതുമെത്രയോഗ്യമാം
പുരുഷദ്വയമെങ്കിലംഗനാ-
ദ്വയവുംനന്നു പരസ്പരാശ്രയം. ൧൪

പരിശുദ്ധരിലും പുലർത്തിടാ-
മപവാദം ജനമാർഗ്ഗയത്തിനും
തരമില്ല നമുക്കു, മാർയ്യയാ-
യൊരു ദേവിക്കു മടുത്തുവാഴ്കിൽ ഞാൻ ൧൫

ഇവിടത്തെത്തുടരേണ്ട വൃത്തിയെ-
ന്നുപദേശിച്ചതരിച്ചു ഹാ! ഭവാൻ?
ഇരുകാർയ്യമെടുക്കിലും വരാ-
മൊരുപക്ഷേ, തനയകർക്കു വിസ്മൃതി ൧൬

ഗൃഹകൃത്യഭരാ വഹിച്ചുമ-
സ്സമയം ഗേഹിനിയാർക്കു പോക്കിടാം
ഉടനെ പതിവിട്ടുപോകയാ-
ലതുമേറെത്തുടരേണ്ടതില്ലമേ. ൧൭

ശിശുവൊന്നു ജനിച്ചുവെങ്കില-
പ്പരിചർയ്യാപരയായ് കഴിഞ്ഞിടാം
അതിനും വഴി ദൈവമിങ്ങനി-
ക്കരുൾചെയ്തീല, നിവൃത്തിയെന്തുവാൻ? ൧൮

പരിദൂഷിത, യിങ്ങു വാഴുവാൻ
വിനിയോഗിച്ചതു നന്ദനീയമോ?
പുലിപെററുകിടന്നിടുന്നിട-
ത്തജയെപ്പോററുവതിന്നുറയ്ക്കയോ? ൧൯

നൃപധർമ്മമഹാസനംമറി-
ഞ്ഞവതാളസ്ഥിതിയിൽകിടക്കയാം
വിഷയംവിഷമിച്ചു,പിന്നെയി-
ന്നഗരീവാസമിണക്കമാകുമോ? ൩൦

ഒരുദുഷ്ടവശീകരിച്ചു,ദുർ-
ദശകൊണ്ടേകതുടന്നുടന്നയം
വകവച്ചുദയാവിഹീനമീ
ഭരണംവിട്ടതുമാനനീയമോ? ൩൧

ഘൃണ, ശാഠ്യ, മസൂയ, കോപമീ-
വകയാലേറിയപൌരന്മാരെയോ
കുറിനോക്കി നടന്നുകൊള്ളുവാൻ
കരുതിക്കാത്തതയെവിട്ടുപോയ് ഭവാൻ? ൩൨

അഖിലാഗമസാരവേദിയാം
നൃപനിൽപാഞ്ഞൊരുമന്ഥരാവിഷം
പരിപാകമെഴാത്തമാദൃശ-
ർക്കുളുംതാപമുരച്ചിടേണമോ? ൩൩

പരമായതിയോർത്തുചെയ്യണം
സകലംഭൂഭരണംനടത്തുവോർ
ശരിയെങ്കി,ലരാജകതമി-
പ്പുരിയിങ്കൽപെട്ടതായിരുന്നുവോ? ൩൪

ഒരുസത്യ,മതാററുവാനിടം
ധരയോ വിണ്ടലമോ തരാംപരം
അതിനായ് നിജജീവപുത്രരെ
കളയാവീരനൃപൻജനേഹിതൻ ൩൫

മതിശാലികൾമന്ത്രിമാരുമി-
പ്പരമാർത്ഥംപറയാതിരുന്നുപോയ്
അവരാത്മപരായണതയാമി-
ജ്ജനപക്ഷംഗ്രഹിയാതെപൂണ്ടതാം ൯൬

അവരായതുചൊല്ലിയെന്നുമാ-
മതുകേൾക്കാതെയിരുന്നുവെന്നുമാം
അധികാരിയിലാണിരിപ്പതാ-
യവകാശംപിഴപിന്നെയാക്കുവാൻ? ൯൭

വരമെന്തു? നൃപൻപ്രജാഹിതം
നിജധർമ്മംവെടിയാതെചെയ്യതാം
പ്രിയയാമൊരുവൾക്കുവേണ്ടിയ-
ഗ്ഗുരുകാര്യത്തെവെടിഞ്ഞതോശുഭം? ൯൮

നയപദ്ധതികാട്ടുവാൻകരു-
ത്തുടയോർകാട്ടിനകാല്യവസ്തുകൾ
കടുകാട്ടുമൃഗങ്ങളല്ലയോ
പുരിയിൽതാമസമാക്കിടേണ്ടവ? ൯൯

നിലവിട്ടുവിളിച്ചിടുംപ്രജാ-
കുല,മാശ്വാസസമേതമാകുവാൻ
ക്ഷതരക്ഷണധർമ്മമാർന്നയ-
ന്നിടുമക്ഷത്രിയനന്നിടേണ്ടതാം. ൱

മകനാകിലുമച്ഛനോടുവേ-
ണ്ടതുചൊല്ലാംവഴിപോൽതടുത്തിടാം
പിഴയില്ലതിനാഗമങ്ങളും
വഴികാട്ടുന്നിതുചോദ്യമാസ്സതാം. ൱൧

സുതനന്മകൊതിച്ചിടുന്നതീ
വകകൃത്യങ്ങൾവഹിപ്പതിന്നുതാൻ
അതിലുംജരഠൻപിതാവിനെ
തഴുകേണ്ടുന്നതുപുത്രധമ്മമാം. ൧൫

ബഹുശ്രുതനാകവേണ്ട, ഏകനാം
വിനയംപോരുമിതിൽജയിക്കുവാൻ
തനയൻറസമത്ഥനസ്തുടൻ
ജനനിക്കുംകലരാംസുസമ്മതം ൩൫

സഹനംസമയത്തുവേണ്ടതാ-
മതുധമ്മാത്ഥികൾവാഴ്ത്തിടുന്നതാം
തകരാറുപിണഞ്ഞിടുമ്പൊഴാ-
യതുധീരോചിതമാക്കിടാവതോ? ൨൫

വിധിതൻറതലയ്ക്കുസവ്വും
തിരുകിക്കേററിനമന്ദബുദ്ധികൾ
ഒരുവേളയിതാദരിച്ചിടാ-
മതുമാശംസിതമാകയില്ലതാൻ ൧൯

ഗുരുദിവ്യനിതോതിടാഞ്ഞതിൽ
പൊരുളെന്തോ വരമാന്നിരിക്കണം
അഥവാ പരമാത്മവേദികൾ-
ക്കിയലാ തുച്ഛജഗൽസമീക്ഷണം ൩൯

അതുമല്ല നമുക്കനിഷ്ടമാ-
യിട്ട മബ്ദാവിയുമോത്തിരിക്കണം
ബുധപക്ഷമെഴുന്നൊരമ്മഹാൻ;
വരുവാനുള്ളതുവന്നതെന്നപോം ൭

പലതതപമടങ്ങിടാമിതിൽ
പതറാം ശേമുഷിപണ്ഡിതൻെറയും
ഉലകിൻെറ രഹസ്യമാക്കുവാ-
നറിയാ? മങ്ങനെതന്നെ കീഴ്പെടാം" വ്വെ

നഗരീവനികൾക്കു വായ്ക്കുമ-
ഗ്ഗുണദോഷങ്ങളതീതവേളയിൽ
നിരമിച്ചുള്ള തമ്പിയോത്തുടൻ
സ്ഫുടഹർഷം മനമുന്നിപിന്നെയും ൌൻ

"പുരികൃത്രിമ ശോഭയെന്നതൊ-
നറിയുന്നുണ്ടറിവായ നാൾമുതൽ
വനഭൂമിനിസർഗരമ്യയെ-
ന്നവിടുന്നോതിയു മോർത്തിടുന്നതേ വ്വം

അതുകൊണ്ടിവിടത്തിൽനിന്നുമൊ-
ട്ടധികാനന്ദമാസ്സരാം വനം
പലതതവുമുറററിഞ്ഞിടാ
മവിടെസ്സർഗ്ഗവിശുദ്ധരീതിയിൽ വ്വഫ

വനരാജി വിശിഷ്ടകാന്തിയെ
ച്ചിതറിത്തൻെറ പരാത്മ്യഭൃതിയെ
വിവരിച്ചിഹ മോദജീവിതം
ജനരനാട്ടിഷ്ട,മതായ് പുലർത്തിടാം. വ്വവ

ഉദയാരുണസംഗമത്തിനാൽ
വികസൽകോമളപുഷ്പവക്ത്രയായ്
അതു,രാഗമിയന്നു ഭോഗസം-
സ്പൃഹണീയസ്ഥിതി വിസ്തരിച്ചിടാം വ്വമ്മ

* ഖഗമന്മർവത്തിനാലെഴാം
ശ്രുതിപാഠം, പുലർബ്ബാഷ്പധാരയാൽ
സ്ഫുടമായത്തു ഹോമകാര്യ്യവും
നിറവേററാം ദിനപൂർവ്വവേളയിൽ വ്യര്

പനിനീർ ച്ചൊരിയാൽ,നിവാപനീർ-
ക്കണമേല്ക്കുന്നൊരുതർപ്പണക്രിയ
തുടരുന്നതുകൊണ്ടറിഞ്ഞിടാ-
മതുപൂണരുംപിതൃയജ്ഞവാസന. വ്യഒ

അളിമോഹനഗാനമിശ്രമാ-
യവിടെക്കൂടിനപൂപ്പടയ്ക്കുടൻ
പകരുംഭൂതബലിപ്രഭൂതമൊ-
ട്ടുയരാമാമുറയും പഠിച്ചിടാം. വ്യന്ത

പരിചാരകജന്തുരാശികൾ-
ക്കഭയംസാന്ദ്രതമേകിടുന്നതും
പകരാമത്തു സസ്യവൃദ്ധിയാ-
ലതിഥിവ്രാതമുപാചരിപ്പതും വ്യെ

പ്രിയസന്തതികൾക്കുതുല്യമായ്
തരുവല്ലീകുലമായതേൾപ്പതും,
തളിർപൂവുകൾകൊണ്ടവയ്ക്കെഴും
കളികാണിപ്പതു,മാദരിച്ചിടാം. വ്യവ്യ

രമണീയലതാദ്വിരേഫസം-
ഭ്രമസമ്മേളനമേററരമസ്ഥലീ
യുവദമ്പതികൾക്കുക്രൂടിടും
സ്ഫുടസൌഭാഗ്യമുപന്യസിച്ചിടാം വ്യൻ

---

* പഞ്ചമഹായജ്ഞം. വ്യര്, വ്യഒ, വ്യന്ത, വ്യെ,

ഇണവിട്ടകലാത്തകണ്ണൊന്നൊടൊ-
തണയുന്നൊരുകപോതിമൂലമായ്
അനുരാഗമതിന്റെശുദ്ധമാം.
നിലയുംതത്രതെളിഞ്ഞുനോക്കിടാം. ൩൦

ഗളിതാശ്രുഭരംചുരന്നപാ-
ലൊട്ടുമാപീനമണച്ചുമാമൃഗി
നിജസന്തതിയോടുകാട്ടിടു-
ന്നതുലസ്നേഹവുമങ്ങുകണ്ടിടാം. ൩൧

പെടപെറവപൊരുന്നിലാകയാ-
ലിരതേടിത്തിരിയുന്നചേവലാൽ
പ്രിയദാരസുതാനുകമ്പയും
തിറമോടങ്ങുമനസ്സിലാക്കിടാം. ൩൨

പിരിയാതെപതംഗപാളിയിൽ
പലയുഗ്മംപതിവായ്വസിക്കയാൽ
ദൃഢബന്ധവിശിഷ്ടശക്തിതൻ-
തിറവുംവേണ്ടവിധംഗ്രഹിച്ചിടാം. ൩൩

വിനയാന്വിതമർപ്പിതങ്ങളാം
തരുശീർഷോദ്ധൃതസൽഫലങ്ങളാൽ
പരനന്മയിലെപ്രസക്തിയും
പരമാർത്ഥത്തിലതേററകണ്ടിടാം. ൩൪

ബലവാനുമശക്തനുംസമം
സുഖമിഷ്ടംതടയാതെചെയ്കയാൽ
സമഭാവനയുംപഠിച്ചിടാ-
മതിൽനിന്നാദരണീയമാംവിധം. ൩൫

ഗൃഹികൾക്കറിയേണ്ട മാതൃകാ-
നിലയേവം ശുഭമാവഹിച്ചിടും
വനിയിൽ സഹയാത്ര ചെയ്യുവാൻ
വിടനൽകാഞ്ഞതു സങ്കടാവഹം. ൯൬

അഥവാ മുനിമാരനേകമു-
ണ്ടവിടെസ്സാത്വികമഭ്യസിച്ചിടാം
മുനിപത്നികളും മുറയ്ക്കു വേ-
ണ്ടവചൊല്ലിത്തരുവാനമങ്ങഹോ, ൯൭

അതിശാന്തവിശുദ്ധ ജീവിതം
ശരിയായിട്ടവിടത്തിലാർന്നിടാം
ജനി തന്റെ ഫലം ലഭിക്കുവാൻ
മതയാകാമതു തന്നെയേൽക്കുകിൽ ൯൮

ചതി,കോപ,മസൂയതൊട്ടതിൽ
പതിയാതുള്ള മനോഗുണങ്ങളെ
മുകുരാഭമുഖങ്ങൾ മാർഗ്ഗമായ്
തെളിയിക്കാം മുനിഗേഹനാംഗിമാർ. ൯൯

പതിയോടു പകച്ചിടാതെ സൽ-
കൃതികൾക്കൻമുഖമാകുമജ്ജനം
സതിതൻ മുറ, മാനനീയമായ്
പ്രതിപാദിപ്പതറിഞ്ഞുമേറിടാം ൧൦൦

അവരോടിടപെട്ടു ശാന്തമായ്
കഴിവാൻ സംഗതി കൂടിയെങ്കിലോ
അതിലും വലുതായ ഭാഗ്യമി-
ന്നരുളാനില്ല ജഗത്തിലോർക്കുകിൽ. ൧൦൧

ഒരു ഭേദമെഴാത്ത മട്ടില-
പ്പൊരുമാററം പെട്ടമാശ്രമസ്ഥലം
പരിപാവനജീവിതത്തിന്ന-
ല്ലൊരു വിദ്യാലയമില്ലസംശയം. ൧൦൨

ശ്രുതിശാഖകളാൽ പ്രബോധമാം
മലർത്തുകിശ്രുളകമ്മസൽഫലം
ചിതറീടിന താപസദ്രുമ-
വ്രജമാളും നിഴലങ്ങു പൂണ്ടിടാം. ൧൦൩

പലതത്ത്വമറിഞ്ഞു ലൌകിക-
ക്ഷണികാവസ്ഥയുടൻ ധരിച്ചിടാം
അവിടെപ്പരമാത്മവിദ്യയിൽ
തുടരാം ഹന്ത! മഹത്തരോദ്യമം. ൧൦൪

അതുകൊണ്ടുമിരുട്ടു തീർന്നിടാ-
തഭയസ്ഥാനമുണർന്നു പൂകിടാം
അരുളാൻ കഴിയാത്തതാകുമ-
സ്സുഖസാരാമൃതമാസ്വദിച്ചിടാം. ൧൦൫

ചരിതാർത്ഥത ചേർത്തിടുന്നൊരി
യനുയാത്രയ്ക്കിടകൂടിടായ്കയാൽ
ഹത! ഞാൻ—അതുപോട്ടെ മാമക-
വ്യഥ ഞാൻതന്നെ സഹിച്ചിടേണ്ടതാം. ൧൦൬

സഹനേതരദുഃഖമാഴ്കിലും
സതി, ഭർത്തൃപ്രിയഭാവനോൽക്കയാം
അതിനാലവിടുന്നു ഭാവുക-
സ്ഥിതിപൂകാൻ പണി ചെയ്തിടുന്നു ഞാൻ.

മഹിതാശയർ വാണിടുമന്നട-
ത്തഥവാ മംഗളമോടിയെത്തിടാം
വനമെങ്കിലുമങ്ങു കൂടിടാം
നൃപസൗഭാഗ്യസമൃദ്ധി നിശ്ചയം. ൧൦൮

അമൃതസ്രവയാടി തേടിടും
സ്വരമാഹാത്മ്യമെഴുന്ന പക്ഷികൾ
സ്തുതിപാഠകരായ് തരത്തില-
ങ്ങണവേകട്ടെ ദിനോദയങ്ങളിൽ. ൧൦൯

മലർവീണു കലർന്നു സൗരഭം
നിറയും നിർഝരനിർമ്മലോദകം
അവഗാഹമതിൽത്തരട്ടെ സം-
സ്തുതഗന്ധോദകസിദ്ധതൃപ്തിയെ. ൧൧൦

ബഹ്വധികൃതസൗധസാരമാം
സ്വയമാത്തം ഫലമൂലഭക്ഷണം
അധരീകൃതമാക്കിടട്ടെയി-
പ്പുരിലബ്ധോദനശുദ്ധിവൈഭവം. ൧൧൧

അതികോമളനീലശഷ്പ പ്രസം-
തതി, തൃക്കാൽ തളിരങ്ങുവയ്ക്കവേ
ഹരിതച്ഛവിപൂണ്ടൊരാസ്തൃതി-
ക്കെഴുമാദൃതചേർത്തിടട്ടെഹാ! ൧൧൨

തളിർ,പൂവുഫലങ്ങൾ തൂക്കിയാ
ലതികാകല്പിതമായപന്തലിൽ
ത്തുടരും സ്ഥിതിസൗഖ്യസംസ്തവം
ലഘുവാക്കട്ടെ വിശങ്കയെന്നിയെ ൧൧൩

ഝരശീകരമേററത്തുമണ്ണം
തടവിപ്പൂക്കളംവിടുത്തിവീശിട്ടും
നറുതെന്നൽവഹിച്ചിടട്ടെസ-
ദ്ധ്യുജനാലോലനസൌഖ്യസൌഭഗം ൧൧൪

ഒളിതൂവിനറുനിലാവുനൽ-
കുളി,രാരാത്രിവിഹാരവേളയിൽ
പൊഴിയട്ടെ ശുഭാംഗിതോഴിയാൾ
തളിയും ഗന്ധഹിമാംബുവെന്നപോൽ ൧൧൫

സ്ഫുടപുഷ്പവിതാന കല്പിതം
മൃദുലംമെത്തനിസർഗ്ഗമോഹനം
അതുളട്ടെ ശയിച്ചിടുമ്പൊഴ-
മ്മണിമഞ്ചോൽക്കടഭോഗലാഘവം ൧൧൬

വനഭൂവിലുമീവിധംനൃപോ-
ചിതസൌഭാഗ്യമുപാസാദിച്ചുതാൻ
വിജയിക്കുക,വിശ്വവിശ്രുത-
പ്രകൃതിപ്രേരിതനായ്ഭവാൻസദാ ൧൧൭

അവിടുന്നുതിരിച്ചുകാട്ടിനായ്
ഗ്ഗുരുകാര്യാർത്ഥിതയൊന്നുകൊണ്ടുതാൻ
ശരി—മന്നിൽമനുഷ്യനുത്ഭവി-
ച്ചുള്ളോൻപിങ്ങനെനീണ്ടുനോക്കുവാൻ ൧൧൮

അതിനാൽസഹിതംവെടിഞ്ഞുമ-
പ്പരകീയാർത്ഥമുപാവഹിച്ചിടും
ഗ്ഗുരുകാര്യഭരംസമസ്തവും
നിറവേററിടുകനിർമ്മലാകൃതേ! ൧൧൯

ഇതിനാലിനിമാനമഗ്രജ-
പ്രിയ,മെന്നാലതിലുംപ്രധാനമായ്
കരുതേണ്ടതുസത്യ,മാര്യയാൽ
കൃതമായീടുമനുഗ്രഹത്തെയും. ൧൨൦

അവരിൽപ്രിയമേററമേററുവാൻ
ശ്രമമാൎന്നീടുവതിന്നുവേണ്ടിഞാൻ
അരുതാംചെയ്യരുതയുക്ത-മായതിൽ
പരനങ്ങെന്നറിയുന്നുഞാൻവിഭോ! ൧൨൧

ശുഭവൃത്ത,കൃതാവധിക്കക-
ത്തെഴുമക്കാവ്യവിനോദസംകടം
ഗുരുകൃത്യമപാകരിച്ചുടൻ
പരമോത്സാഹസുഖങ്ങളാംനൽകിടും, ൧൨൨

അനുയാത്രയിലസ്വതന്ത്രയായ്
കനിവേകാഞ്ഞതുമൂലമഗ്രജെ!
കുഴയേണ്ട,വണങ്ങിടുന്നൊരെൻ-
കണവൻമേൽകനിവേറിയാൽമതി ൧൨൩

വനവാസമസഹ്യമെന്നുവ-
ച്ചുലിവെന്നിൽ കലരാതെപോകയാൽ
പ്രിയപൂൎവ്വജ, ശോകമില്ലമൽ-
പ്രിയനെത്താങ്ങുവതൊന്നുപോരുമേ. ൧൨൪

അയിദേവി, നിസൎഗ്ഗശക്തിനീ
മുറപോൽ താങ്ങുകമൽപ്രിയേശനെ
അതിനായ് തവപാദപൂജനം
നിയതംഞാൻതുടരുന്നുനിൎമ്മലെ. ൧൨൫

നിയതിപ്രഥിതപ്രഭാവമേ!
നിയമിച്ചീട്ടകളാവുകംപരം
ഇവരിൽ, ശരിലോകയാത്രയിൽ
ജയസന്ധാനവിധാനഹേതുനി." ൮൨൯

വൃഥചേന്നൊരുചിന്തയിററിധം
പതിഭവ്യസ്പൃഹയാക്കിവച്ചതിൽ
ദൃഢഭക്തികലൻപോക്കിനാ-
ളവർശേഷിച്ചദിനങ്ങൾശാന്തയായ് ൮൨൧

ശുഭം.

---